കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# തലശ്ശേരി ബ്ലോക്ക് പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട് 2018-19

## ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ

e-mail:doknr.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ/കെ.എൻ.ആർ/സി.7/634/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ

ഇ-മെയിൽ: doknr.ksad@kerala.gov.in

ഫോൺ: 0497-2707698

തീയ്യതി : 03.11.2020

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

തലശ്ശേരി ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : തലശ്ശേരി ബ്ലോക്ക് പഞ്ചായത്ത് 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട്- സംബന്ധിച്ച്

*********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തലശ്ശേരി ബ്ലോക്ക് പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ 1-10,1-11,1-19,1-20,1-23,1-26,1-27എന്നീ ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം ബ്ലോക്ക് പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ ബ്ലോക്ക് പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്- പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ്

നിയമം സെക്ഷൻ 15(1), 1996-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 20,23, 1997-ലെ കേരളാ പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 21(1), (2) എന്നിവ കാണുക)

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)ഡയറക്ടർ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് , തിരുവനന്തപുരം (ഏയിംസിൽ)
2)അസിസ്റ്റന്റ് ഡെവലപ്പ്മെന്റ് കമ്മീഷണർ, കണ്ണൂർ (ഇ-മെയിൽ വഴി)
3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ/കെ.എൻ.ആർ/സി.7/634/2020 തീയ്യതി: 03.11.2020

# കണ്ണൂർ ജില്ലയിലെ തലശ്ശേരി ബ്ലോക്ക്പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കണ്ണൂർ ജില്ലയിലെ തലശ്ശേരി ബ്ലോക്ക് പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. ബ്ലോക്ക് പഞ്ചായത്ത് 8.10.2018 തിയ്യതി മുതൽ 20.7.2020 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകങ്ങൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 30 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 18 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും ,സ്ഥാപനം ഓഡിറ്റിന് ലഭ്യമാക്കാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ. രതീഷ് കുമാർ .പി.എം<br>സീനിയർ ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 21.7.2020 മുതൽ 30.7.2020 വരെ |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| | |
|---|---|
| ശ്രീമതി ലതവാണി.എൻ.എൻ | ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ) |
| ശ്രീമതി. ഉഷ.എ | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീ.മനോഹരൻ.എ.വി | സീനിയർ ഗ്രേഡ് ഓഡിറ്റർ |

1-നിർവ്വഹണാധികാരികളുടെ പേര് &കാലയളവ്

| | പേര് | കാലയളവ് |
|---|---|---|
| പ്രസിഡണ്ട് | ശ്രീ.കെ.കെ.രാജീവൻ | 1.4.2018 മുതൽ 31.3.2019 വരെ |
| സെക്രട്ടറി | ശ്രീ.ജയ്മോൻ എബ്രഹാം | 01.04.2018 മുതൽ 31.03.2019 വരെ |

2.മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥരുടെ ഉദ്യോഗ പേര്,പേര് ,കാലയളവ്

| ക്രമ നം | ഉദ്യോഗ പേര് | പേര് | കാലയളവ് | |
|---|---|---|---|---|
| | | | മുതൽ | വരെ |
| 1 | കൃഷി അസിസ്റ്റന്റ് ഡയറക്ടർ | ശ്രീ.പീതാംബര ബാബു.വി.കെ | 1.4.2018 | 22.8.2018 |
| | | ശ്രീമതി.മായ.പി | 23.8.2018 | 29.10.2018 FN |
| | | ശ്രീ.വിഷ്ണു.എസ് .നായർ | 29.10.2018 FN | 31.3.2019 |
| 2 | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ശ്രീ.നിഷാദ്.വി.കെ | 1.4.2018 | 31.3.2019 |
| 3 | മെഡിക്കൽ ഓഫീസർ (സി എച്ച് സി ) | ഡോ.ഷൈന.വി.പി | 1.4.2018 | 31.3.2019 |
| 4 | ശിശുവികസന പ്രോജക്ട് ഓഫീസർ-തലശ്ശേരി | ശ്രീമതി.പ്രിയദർശിനി .എസ് | 1.4.2018 | 3.1.2019 |
| | | ശ്രീമതി.ഷെർളി.ടി.കെ | 4.1.2019 | 31.3.2019 |
| 5 | ശിശുവികസന പ്രോജക്ട് ഓഫീസർ-തലശ്ശേരി അഡീഷണൽ | ശ്രീമതി.ലക്ഷ്മി കേളോത്ത് | 1.4.2018 | 31.3.2019 |
| 6 | അസിസ്റ്റൻറ് എഞ്ചിനിയർ | ശ്രീ.ജയരാജ്.പി | 1.4.2018 | 26.6.2018 |
| | | ശ്രീ.സന്തോഷ്.പി | 27.6.2018 | 16.8.2018 FN |
| | | ശ്രീമതി.രശ്മി പനോളി | 16.8.2018 FN | 31.3.2019 |
| 7 | അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എഞ്ചിനിയർ | ശ്രീമതി. ദീപ്തി.ആർ | 1.4.2018 | 31.3.2019 |
| 8 | വ്യവസായ വികസന ഓഫീസർ | ശ്രീ.സതീശൻ കോടഞ്ചേരി | 1.4.2018 | 31.3.2019 |

ഉള്ളടക്കം


| ഭാഗം-1 ഓഡിറ്റ് റിപ്പോർട്ട് | | |
|---|---|---|
| ക്രമ നം | ഖണ്ഡിക നമ്പർ | വിവരണം |
| 1 | 1-1 | ബജറ്റ് |
| 2 | 1-2 | വാർഷികധനകാര്യപത്രിക |
| 3 | 1-3 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) |
| 4 | 1-4 | ഫണ്ട് വിനിയോഗം |
| 5 | 1-5 | പദ്ധതി അവലോകനം |
| 6 | 1-6 | ക്യാഷ് നീക്കിയിരിപ്പ് പരിശോധന |
| 7 | 1-7 | ആഭ്യന്തര നിയന്ത്രണം |
| | | |

| | | |
|---|---|---|
| 8 | 1-8 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| 9 | 1-9 | വാർഷിക കണക്കിലെ അപാകങ്ങൾ |
| 10 | 1-10 | ബ്ലോക്ക് പഞ്ചായത്തിന്റെ അധീനതയിലുള്ള മിനി വ്യവസായ എസ്റ്റേറ്റിലെ മുറികൾ വാടകയ്ക്ക് നൽകിയതിൽ വൻ തുക കുടിശ്ശികയായി നിലനിൽക്കുന്നു |
| 11 | 1-11 | അഞ്ചരക്കണ്ടി ബസ്റ്റാൻറ് ഷോപ്പിംഗ് കോംപ്ലക്സ് - വാടക കുടിശ്ശിക പിരിച്ചെടുക്കുന്നതിൽ നടപടി സ്വീകരിക്കുന്നില്ല |
| 12 | 1-12 | ടെണ്ടർ ഫോറം വില - ബ്ലോക്ക് പഞ്ചായത്തിന് ലഭിക്കാനുള്ള ₹ 62940 തിരികെ ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. |
| 13 | 1-13 | യാത്രാബത്ത ബില്ലുകൾ തയ്യാറാക്കുന്നതിൽ വീഴ്ച – പരിശോധന നടത്താതെ തുക അനുവദിച്ചു. |
| 14 | 1-14 | പാർട്ട് ടൈം തസ്തികയിലെ നിയമനം- സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾ പാലിക്കേണ്ടതാണ് |
| 15 | 1-15 | ആദായ നികുതി റിട്ടേൺ ഫയൽ ചെയ്യുന്നതിന് പ്രൊഫഷണൽ ചാർജ് നൽകുന്നത് ഒഴിവാക്കേണ്ടതാണ്. |
| 16 | 1-16 | പ്രളയദുരിതാശ്വാസ നിധിയിലേക്കുള്ള സംഭാവന- കൈപ്പറ്റ് രേഖയുടെ അഭാവത്തിൽ ₹2,10,0000 തടസ്സപ്പെടുത്തുന്നു . |
| 17 | 1-17 | അംഗീകൃത ലൈബ്രറികൾക്ക് ഫർണ്ണിച്ചർ വാങ്ങൽ - പർച്ചേസിംഗ് കമ്മിറ്റി പ്രവർത്തനം കാര്യക്ഷമമല്ല |
| 18 | 1-18 | കറവ പശു വിതരണം - പ്രോജക്ട് നിർവ്വഹണത്തിലെ അപാകത |
| 19 | 1-19 | നെൽകൃഷിക്ക്കൂലിച്ചെലവ് സബ്സിഡി -ചെലവഴിക്കാൻ ബാക്കിയുള്ള തുക സർക്കാർ ഫണ്ടിലേക്ക് യഥാസമയം തിരിച്ചടച്ചിട്ടില്ല. 85000/-രൂപ തടസ്സത്തിൽവെക്കുന്നു. |
| 20 | 1-20 | കണ്ടിജൻസി ചെലവുകളിൽ ബാക്കിവന്ന തുക യഥാസമയം സർക്കാരിലേക്ക് തിരിച്ചടക്കാത്തത് |
| 21 | 1-21 | റോഡുകളുടെ പരിപാലനം - മാർഗ്ഗരേഖയിൽ പ്രതിപാദിക്കുന്ന വ്യവസ്ഥകൾ പാലിച്ചിട്ടില്ല |
| 22 | 1-22 | അസിസ്റ്റന്റ് എഞ്ചിനിയർ നിർവ്വഹണം നടത്തിയ പദ്ധതികളിലെ അപാകങ്ങൾ – അസ്സൽ രേഖകളുടെ അഭാവത്തിൽ ₹158389 തടസ്സപ്പെടുത്തുന്നു. |
| 23 | 1-23 | വിനിയോഗ സാക്ഷ്യപത്രം , പഞ്ചായത്തുകൾ അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റ് എന്നിവ ഹാജരാക്കാത്തത് |
| 24 | 1-24 | പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് പഠനമുറി-രേഖകൾ ഹാജരാക്കാത്തത് -തുക 50,000 തടസ്സപ്പെടുത്തുന്നു |
| 25 | 1-25 | പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി -രേഖകൾ ഹാജരാക്കാത്തത് -തുക 6,30,217 രൂപ തടസ്സപ്പെടുത്തുന്നു |
| 26 | 1-26 | വ്യവസായ ഇൻക്യുബേഷൻ സെന്റർ- ചെലവ് രേഖകൾ ഹാജരാക്കിയിട്ടില്ല തുക 90,101/- തടസ്സപ്പെടുത്തുന്നു |
| 27 | 1-27 | വിവിധ ഉത്പാദക സംരഭങ്ങൾക്ക് സബ്സിഡി- പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ . ചെലവ് തുക 31,00,000/- |

| | | |
|---|---|---|
| | | തടസ്സപ്പെടുത്തുന്ന |
| ഭാഗം - 2<br><br>(വരവ്കണക്കുകളിൻമേലുള്ളഓഡിറ്റ് നിരീക്ഷണങ്ങൾ(ചാർജ്ജ് ചെയ്യാവുന്നവ)-ഇല്ല | | |
| ഭാഗം - 3<br><br>ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ(ചാർജ്ജ് ചെയ്യാവുന്നവ) -ഇല്ല | | |
| ഭാഗം 4. പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | | |
| 28 | 4-1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം |
| 29 | 4-2 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം |
| 30 | 4-3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ |
| 31 | 4-4 | മൊബിലൈസേഷൻ അഡ്വാൻസ് |
| 32 | 4-5 | വായ്പ / വായ്പാതിരിച്ചടവ് |
| 33 | 4-6 | സ്ഥിര നിക്ഷേപം |
| 34 | 4-7 | ഓഡിറ്റ് റിക്കവറി |
| 35 | 4-8 | സമാഹൃത ഓഡിറ്റ് |
| 36 | 4-9 | ചാർജ്ജ് സർചാർജ്ജ് നടപടി വഴി ഈടാക്കിയ തുക |
| 37 | 4-10 | ഓഡിറ്റ് പ്രത്യവലോകനം |
| 38 | 4-11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ |
| അനുബന്ധങ്ങൾ | | |
| 39 | അനുബന്ധം-1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 40 | അനുബന്ധം-2-1 | റസീറ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് |
| 41 | അനുബന്ധം-2-2 | ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ് |
| 42 | അനുബന്ധം-2-3 | ബാലൻസ് ഷീറ്റ് |

## ഭാഗം -1
## ഓഡിറ്റ് റിപ്പോർട്ട്

### 1-1 ബജറ്റ്

31.3.2018 തീയതിയിലെ 174/18തീരുമാനപ്രകാരം അംഗീകരിച്ചു.

| ബജറ്റ് | |
|---|---|
| മുന്നിരിപ്പ് | 12,22,403.00 |
| വരവ് | 20,16,60,590.00 |
| ആകെ | 20,28,82,993.00 |
| ചെലവ് | 20,08,50,590.00 |
| | |

| | |
|---|---|
| നീക്കിയിരിപ്പ് | 20,32,403.00 |

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31/7/2019 | 5.8.2019 | തിരിച്ചയച്ചിട്ടില്ല | - |

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 1,33,94,687.00 |
| വരവ് | 4,49,46,268.00 |
| ആകെ | 5,83,40,955.00 |
| ചെലവ് | 4,39,71,213.00 |
| നീക്കിയിരിപ്പ് | 1,43,69,742.00 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 3,28,87,000 | 3,28,87,000 | 3,28,87,000 | 0 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 18,80,217 | 18,80,217 | 18,80,217 | 0 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | 0 | 50,000 | 50,000 | 50,000 | 0 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | 0 | 39,04,000 | 39,04,000 | 39,04,000 | 0 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ | | | | | |
| എസ് ജെ എസ് വൈ | 1,006 | 36(പലിശ) | 1,042 | - | 1,042 |
| ഐ.എ.വൈ (അഡീഷണൽ)* | 3,28,000 | 8,00,000 | 11,28,000 | * | * |
| ടി.എസ്സ്.സി (സ്വച്ച് സർവ്വേശൻ) | | 32,650 | 32,650 | 32,650 | 0 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ | | | | | |

| | | | | | |
|---|---|---|---|---|---|
| മഹിള(MKSP) | 5,617 | 42,000 | 47,617 | 47,617 | 0 |
| ലിംഗ സമത്വ പരിശീലനം | | 46,000 | 46,000 | 46,000 | 0 |

ജനറൽ പർപ്പസ് ഗ്രാന്റ് ആയി 46,09,150 ലഭിച്ചിട്ടുണ്ട്. എന്നാൽ ഈ ഗ്രാന്റിനു മാത്രമായി രജിസ്റ്റർ സൂക്ഷിക്കാത്തതിനാൽ മുന്നിരിപ്പ്, ചെലവ്, നീക്കിയിരിപ്പ് എന്നിവ ഉൾപ്പെടുത്തിയിട്ടില്ല. *ഐഎവൈ(അഡീഷണൽ) പദ്ധതിയ്ക്കായി 8,00,000 ലഭിച്ചതിൽ 7 ഗുണഭോക്താക്കൾക്കായി 6,35,000 ചെലവഴിച്ചിട്ടുണ്ട്. ചെലവഴിക്കാത്ത ബാക്കി തുക 1,65,000 ഗ്രാമ വികസന കമ്മീഷണറുടെ അക്കൗണ്ടിലേയ്ക്ക് തിരിച്ചടച്ചിട്ടുണ്ട്. എന്നാൽ മുന്നിരിപ്പിൽ നിന്നും ഈ പദ്ധതിയ്ക്ക് വേണ്ടി ചെലവഴിച്ചതിന്റേയും നീക്കിയിരിപ്പിന്റെ വിവരം ലഭിക്കാത്തതിനാൽ മേൽ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല. സംയുക്ത പ്രോജക്ടുകൾക്ക് വേണ്ടി ലഭിയ്ക്കുന്ന ഗ്രാമ, ജില്ലാ പഞ്ചായത്ത് വിഹിതത്തിന്റെയും, ഐ എ വൈ, പദ്ധതികൾക്കായി ലഭിയ്ക്കുന്ന തുകയുടേയും കണക്കുകൾ കൃത്യമല്ലാത്തതിനാൽ ഉൾപ്പെടുത്തിയിട്ടില്ല. ഈ ഫണ്ടുകളുടെ വിനിയോഗ വിവരം വ്യക്തമാക്കുന്ന രജിസ്റ്ററുകളൊന്നും സൂക്ഷിയ്ക്കുന്നില്ല

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | ഭാഗീകമായി നടപ്പാക്കിയത് | പദ്ധതി ചെലവ് | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 72 | 5,61,75,974 | 63 | 7 | 3,87,99,399 | 9 | 87.5 |

| നിർവ്വഹണ ഉദ്യോഗസ്ഥൻ | ആകെ അടങ്കൽ | ഏറ്റെടുത്ത പ്രോജക്ടുകളുടെ എണ്ണം | ചെലവഴിച്ച തുക | നടപ്പിലാക്കിയ പ്രോജക്ടുകളുടെ എണ്ണം | പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|
| കൃഷി അസിസ്റ്റന്റ് ഡയറക്ടർ | 62,39,000 | 4 | 23,13,600 | 4 | 100 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 58,55,460 | 4 | 27,48,015 | 4 | 100 |
| മെഡിക്കൽ ഓഫീസർ (സി എച്ച് സി ) | 36,84,030 | 8 | 34,50,420 | 8 | 100 |
| ശിശുവികസന പ്രോജക്ട് | 1104000 | 4 | 1090000 | 4 | 100 |

| | | | | | |
|---|---|---|---|---|---|
| ഓഫീസർ-തലശ്ശേരി | | | | | |
| ശിശുവികസന പ്രോജക്ട് ഓഫീസർ-തലശ്ശേരി അഡീഷണൽ | 1853550 | 4 | 1693550 | 4 | 100 |
| സെക്രട്ടറി | 1,85,30,976 | 27 | 1,51,71,116 | 22 | 81.48 |
| അസിസ്റ്റൻറ് എഞ്ചിനിയർ | 51,49,761 | 7 | 19,30,615 | 5 | 71.42 |
| അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എഞ്ചിനിയർ | 93,59,197 | 10 | 72,11,982 | 8 | 80 |
| വ്യവസായ വികസന ഓഫീസർ | 44,00,000 | 4 | 31,90,101 | 4 | 100 |
| ആകെ | 5,61,75,974 | 72 | 3,87,99,399 | 63 | 87.5 |

സെക്രട്ടറി,അസിസ്റ്റൻറ് എഞ്ചിനിയർ,അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എഞ്ചിനിയർ എന്നിവർ ഒഴികെയുള്ള നിർവ്വഹണ ഉദ്യോഗസ്ഥർ അംഗീകാരം ലഭിച്ച മുഴുവൻ പദ്ധതികളും നടപ്പിലാക്കിയിട്ടുണ്ട്. സെക്രട്ടറി നടപ്പിലാക്കിയ 22 പദ്ധതികളിൽ 11 എണ്ണം സംയുക്തപ്രോജക്ടുകളാണ്. ചില പദ്ധതികളിൽ ,പദ്ധതിയുടെ ഗുണഭോക്തൃ ലിസ്റ്റ് ബന്ധപ്പെട്ട പഞ്ചായത്തിൽ നിന്നും വാങ്ങിക്കാതെയാണ് വിഹിതം കൈമാറിയിട്ടുള്ളത് . വ്യവസായ വികസന ഓഫീസർ നിർവ്വഹണം നടത്തിയ പദ്ധതികളുടെ രേഖകൾ കൃത്യമായി സൂക്ഷിച്ചിട്ടില്ല .

ആസൂത്രണസമിതി -തലശ്ശേരി ബ്ലോക്ക് പഞ്ചായത്തിന്റെ 8.12.2017 ലെ 3(A)17-18 നം തീരുമാന പ്രകാരം ആസൂത്രണസമിതി പുന:സംഘടിപ്പിച്ചിട്ടുണ്ട്. 13 അംഗങ്ങൾ ഉണ്ട്. 2018-19 വാർഷിക പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട് 16.1.2018 ൽ ആസൂത്രണസമിതി യോഗം ചേർന്നിട്ടുണ്ട്. യോഗ തീരുമാനങ്ങൾ രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. 4.10.2018 ൽ വാർഷിക പദ്ധതി അവലോകനവും 2019-20 വാർഷിക പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട് ചർച്ചയും നടത്തിയിട്ടുണ്ട്. പിന്നീട് യോഗങ്ങളൊന്നും കൂടിയിട്ടില്ല . ആസൂത്രണ സമിതിയിൽ 8 അംഗങ്ങളാണ് നിലവിൽ ഉള്ളത് .

<u>വർക്കിംഗ് ഗ്രൂപ്പ്</u>

തലശ്ശേരി ബ്ലോക്ക് പഞ്ചായത്തിന്റെ 8.12.2017 ലെ 3(A)17-18 നം തീരുമാന പ്രകാരം ആസൂത്രണസമിതി പുന:സംഘടിപ്പിച്ചിട്ടുണ്ട് 13വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിച്ചിട്ടുണ്ട്. വർക്കിംഗ് ഗ്രൂപ്പ് 11.10.2018 ലും ,30.11.2018 ലും യോഗം കൂടിയിട്ടുണ്ട്.

വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് സമിതി രൂപീകരിക്കേണ്ട ആവശ്യകത പദ്ധതി രേഖയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ വിവിധ പദ്ധതികളുടെ മോണിറ്ററിംഗ് കൺവീനർ ആരെന്നുള്ള വിശദവിവരമൊന്നും പദ്ധതി രേഖയിൽ രേഖപ്പെടുത്തിയിട്ടില്ല. പദ്ധതികളുടെ വർക്കിംഗ് ഗ്രൂപ്പ് മോണിറ്ററിംഗ് റിപ്പോർട്ട് മോണിറ്ററിംഗ് സമിതി സാക്ഷ്യപ്പെടുത്തിയിട്ടില്ല. മോണിറ്ററിംഗ് സമിതിയുടെ പ്രവർത്തനം കാര്യക്ഷമമാക്കേണ്ടതാണ്

വർക്കിംഗ് ഗ്രൂപ്പ് ജനറൽ മിനുട്ടിസിലാണ് ഗ്രാമസഭ,വികസന സെമിനാർ മുതലായവയുടെ യോഗ വിവരങ്ങൾ രേഖപ്പെടുത്തിയിരിക്കുന്നത് .

വ:ികസന സെമിനാർ:

2018-19 വാർഷിക പദ്ധതിയുടെ ഭാഗമായി 23.2.2018 ന് വികസന സെമിനാർ നടത്തിയിട്ടുണ്ട്. ഇതിൽ 117 പേർ പങ്കെടുത്തിട്ടുണ്ട്.

ഗ്രാമ സഭ – പതിമൂന്നാം പഞ്ചവത്സര പദ്ധതിയുടെ 2018-19 സാമ്പത്തിക വർഷത്തെ പദ്ധതി രൂപീകരണ ഗ്രാമ സഭ 5.2.2018 ന് ചേർന്നിട്ടുണ്ട്. വിവിധ ഗ്രാമ പഞ്ചായത്ത് ജനപ്രതിനിധികൾ ഉൾപ്പെടെ യോഗത്തിൽ 92 പേർ പങ്കുടുത്തിട്ടുണ്ട്. എന്നാൽ തീരുമാനങ്ങളൊന്നും കൃത്യമായി രേഖപ്പെടുത്തിയിട്ടില്ല .

സ്റ്റാൻഡിംഗ് കമ്മിറ്റി - കൃത്യമായി കൂടുന്നുണ്ട് .എന്നാൽ സ്റ്റാൻഡിംഗ് കമ്മിറ്റികളിൽ ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥർ പലപ്പോഴും പങ്കെടുക്കാത്തതിനാൽ പദ്ധതി സംബന്ധിച്ച് കൃത്യമായ വിലയിരുത്തൽ നടത്താനോ, അവലോകനം നടത്താനോ കഴിയാത്തതിനാൽ ആയതിന് മാറ്റം ഉണ്ടാകുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥർക്ക് കൃത്യമായി അറിയിപ്പ് നൽകുന്നതിന് ഭരണസമിതിയുടെ 17.1.2019 141 D /18-19നമ്പർ പ്രകാരം തീരുമാനിച്ചിട്ടുണ്ട്

## 1-6 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 29.7.2020- തീയതിയിൽ 2.55pm ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ക്യാഷ് നീക്കിയിരിപ്പില്ല എന്ന് ബോധ്യപ്പെട്ടു

## 1-7 ആഭ്യന്തര നിയന്ത്രണം

2018-19 – ൽ ആകെ ഒരിക്കൽ മാത്രമാണ് ( 10.8.2018 ൽ ) സ്റ്റാഫ് മീറ്റിംഗ് കൂടിയത്. വി ഇ ഒ, മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥർ എന്നിവരുടെ മീറ്റീംഗ് കൃത്യമായി നടത്തുകയും പദ്ധതി പുരോഗതിവിലയിരുത്തുകയും ചെയ്യുന്നുണ്ട്. ജീവനക്കാർക്ക് ജോലി വിഭജിച്ചുകൊണ്ടുള്ള സമഗ്ര ഉത്തരവ് ഈ വർഷം പുറപ്പെടുവിച്ചിട്ടില്ല . ജീവനക്കാർ തൻപതിവേട് രജിസ്റ്റർ എഴുതുന്നുണ്ടെങ്കിലും അവ പ്രതിമാസം ക്ലോസ്ചെയ്ത് മേലുദ്യോഗസ്ഥന് സമർപ്പിയ്ക്കുന്നില്ല. വാടക രജിസ്റ്റർ പൂർണ്ണമല്ല മാനുവൽ റസീറ്റ് ബുക്ക് സ്റ്റോക്ക് രജിസ്റ്റർ,ഓഫീസ് കളക്ഷൻ രജിസ്റ്റർ മുതലായവ സൂക്ഷിക്കുന്നില്ല. പർച്ചേസിംഗ് കമ്മിറ്റി രജിസ്റ്റർ, കൃത്യമായി എഴുതിയിട്ടില്ല. ഇൻകുമ്പൻസി രജിസ്റ്റർ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. മേലുദ്യോഗസ്ഥരുടേയും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടേയും മേൽനോട്ടം ഈകാര്യത്തിൽ ഉണ്ടോകേണ്ടതാണ്

## 1-8 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 24.6.2019 മുതൽ 8.7.2019 വരെ | 2016-17 മുതൽ 2018-19 വരെ | 16.10.2019 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 8.1.2015 മുതൽ 15.1.2015 വരെ | 2012-13 മുതൽ 2013-14 വരെ | 3.4.2015 |

## 1-9 വാർഷിക കണക്കിലെ അപാകങ്ങൾ.

1. കാഷ് ബുക്ക് സംക്ഷിപ്തത്തിന്റെ ദിനം പ്രതിയുള്ള പ്രിന്റ് എടുത്ത് സെക്രട്ടറിയുടെ സാക്ഷ്യപ്പെടുത്തലോടെ സൂക്ഷിക്കുന്നില്ല

2.കാഷ് ബുക്ക് നീക്കിയിരിപ്പ് തുക പാസ്സ് ബുക്ക് നീക്കിയിരിപ്പുമായി മാസാന്ത്യ വാർഷിക ഒത്തുനോക്കൽ എല്ലായ്പ്പോഴും കൃത്യമായി നടത്തിവരുന്നില്ല

3.'ജാഗ്രതോൽസവം ' പരിപാടിയ്ക്കുവേണ്ടി ലഭിച്ച 20,000(12000+8,000) വാർഷിക ധനകാര്യപത്രികയിലെ റസീറ്റ് ആന്റ് പെയ്മെന്റ് ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല

4.സമ്പൂർണ്ണശുചിത്വപരിപാടിയ്ക്കുവേണ്ടി ലഭിച്ച 9,450 രൂപ വാർഷിക ധനകാര്യപത്രികയിലെ റസീറ്റ് ആന്റ് പെയ്മെന്റ് ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല

5.വാർഷിക ധനകാര്യപത്രികയിലെ ഐ എ വൈ ,ഐ എ വൈ അഡീഷണൽ ഫണ്ട് (അക്കൗണ്ട് നം 24276)ന്റെ നീക്കിയിരിപ്പ് തുക ബാങ്ക് ബുക്കിലെ നീക്കിയിരിപ്പുമായി പൊരുത്തപ്പെടുന്നില്ല

6.2017-18 ലെ ബാലൻസ് ഷീറ്റിലെ B4 ഷെഡ്യൂളിലെ വിവിധ ഗ്രാന്റുകളുടെ നീക്കിയിരിപ്പ് തുക 2018-19 വർഷത്തെ മുന്നിരിപ്പായി രേഖപ്പെടുത്തിയ തുകകളുമായി പൊരുത്തപ്പെടുന്നില്ല

7.നിലവിൽ വരവിലെടുത്ത 42,000 ബാധ്യതയായി വീണ്ടും ബാലൻസ് ഷീറ്റിൽ' liability in respect of stale cheques' എന്ന ഹെഡിൽ കാണിച്ചിരിയ്ക്കുന്നു

8.നേരത്തെ തിരിച്ചടച്ച 12,910 രൂപ ബാധ്യതയായി വീണ്ടും ബാലൻസ് ഷീറ്റിൽ “refund payable -Grants and funds “ എന്ന ഹെഡിൽ കാണിച്ചിരിയ്ക്കുന്നു

8.ബാലൻസ് ഷീറ്റിലെ B1 ഷെഡ്യൂളിൽ “ Panchayat Fund -General Fund “എന്ന ഹെഡിൽ 26,82,905 രൂപ എന്ന് കാണിച്ചത് ശരിയല്ല . വർഷങ്ങളായി ഒരേ തുക തന്നെ തെറ്റായി കാണിച്ചുവരുകയാണ്

9.ആസ്തി രജിസ്റ്റർ പൂർണ്ണമായും കാലികമാക്കിയിട്ടില്ല

10.ഗുണഭോക്തൃ വിഹിതം വരവുമായി ബന്ധപ്പെട്ട് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല .പ്രസ്തുത ഹെഡിൽ കാണിച്ച തുകയ്ക്ക് ആധികാരികതയില്ല

## 1-10 ബ്ലോക്ക് പഞ്ചായത്തിന്റെ അധീനതയിലുള്ള മിനി വ്യവസായ എസ്റ്റേറ്റിലെ മുറികൾ വാടകയ്ക്ക് നൽകിയതിൽ വൻ തുക കുടിശ്ശികയായി നിലനിൽക്കുന്നു

ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റിൽ ഉള്ള റൂമുകൾ താഴെ പറയുന്ന വ്യക്തികൾക്ക് 2018-19 വർഷം വാണിജ്യാവശ്യത്തിനായി വാടകയ്ക്ക് നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ നൽകുന്നു

| കെട്ടിട നം/ റൂമുകളുടെ ക്രമ നം | വാടകക്കാരന്റെ പേര് | മാസം നൽകേണ്ട വാടക | 12 മാസത്തേക്ക നൽകേണ്ട വാടക | ഒടുക്കിയ വാടക | 2018-19 ലെകുടിശ്ശിക | മുൻ വർഷങ്ങളിലെ കുടിശ്ശിക |
|---|---|---|---|---|---|---|
| VI 146/256 A | ഷിജിന എം.പി | 2130/- | 2130x12=25560 | - | 25560/- | 9250/- |
| VI 149/257 | ഇ.മധു | 2130/- | 2130x12=25560 | 21300/- | 4260/- | - |

| | | | | | | |
|---|---|---|---|---|---|---|
| D | | | | | | |
| VI 150/257 E | പി.കെ രവീന്ദ്രൻ | 2130/- | 2130x12=25560 | 10650/- | 14910/- | - |
| VI 150/257 F | വിജിന എം | 2130/- | 2130x12=25560 | 19170/- | 6390/- | - |

17.7.2018 തീയ്യതിയിലെ പഞ്ചായത്ത് ഭരണ സമിതി തീരുമാനം നം 43Q/18-19 അനുസരിച്ച് വാടകയിൻമേൽ 18% ജി.എസ് .ടി യും ഈടാക്കേണ്ടതാണ്. ജി.എസ്.ടി ഒടുക്കാത്തവരുടെയും ഭാഗീകമായി ഒടുക്കിയവരുടെയും വിവരങ്ങൾ താഴെ നൽകുന്നു

| വാടകക്കാരന്റെ പേര് | ഒടുക്കിയ ജി.എസ്.ടി |
|---|---|
| ഷിജിന എം.പി | ജി.എസ്.ടി ഒടുക്കിയിട്ടില്ല |
| മധു .ഇ | 3830/- |
| പി.കെ രവീന്ദ്രൻ | 1915/- |

വാടകകുടിശ്ശികയും ജി.എസ്.ടിയും ഈടാക്കാത്തത് സംബന്ധിച്ച് 30.7.2020 ന് സെക്രട്ടറിക്ക് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമായിട്ടില്ല. കുടിശ്ശിക വാടക തുക പിരിച്ചടുക്കകയും ഒടുക്കുവാനുള്ള ജി.എസ്.ടി. തുക ഒടുക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-11 അഞ്ചരക്കണ്ടി ബസ്സ്റ്റാൻറ് ഷോപ്പിംഗ് കോംപ്ലക്സ് - വാടക കുടിശ്ശിക പിരിച്ചെടുക്കുന്നതിൽ നടപടി സ്വീകരിക്കുന്നില്ല

അഞ്ചരക്കണ്ടി ബസ്സ്റ്റാൻറ് ഷോപ്പിംഗ് കോംപ്ലക്സിലെ 2 മുറികൾ ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ളതാണ്. ഈ രണ്ട് മുറികൾ 16.1.2018 ലെ 132ാം നമ്പർ ഭരണസമിതി തീരുമാന പ്രകാരം കുടുംബശ്രീ ഗ്രൂപ്പുകൾക്ക് വാടകയ്ക്ക് നൽകാൻ തീരുമാനിച്ചിട്ടുണ്ട്. 17.7.2018 ലെ 93W/2018 നമ്പർ തീരുമാനപ്രകാരം വാടകക്കാരായ സംരഭക ഗ്രൂപ്പുകൾ 2000/-രൂപ മാസവാടക നൽകണമെന്നും 6 മാസത്തെ വാടക സെക്യൂരിറ്റി ഡെപ്പോസിറ്റിൽ നിന്ന് ഈടാക്കണമെന്നും തീരുമാനിച്ചിട്ടുണ്ട്.

വാടക ഈടാക്കുന്നതുമായി ബന്ധപ്പെട്ട് താഴെ പറയുന്ന അപാകതകൾ കണ്ടെത്തിയിട്ടുണ്ട് .

1. 2018-19 വർഷം വാടക വാടകക്കാരിൽ നിന്ന് ഈടാക്കിയതിന്റെ മുഴുവൻ രേഖകളും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

2. റൂമുകൾ വാടകയ്ക്ക് 1.4.2018 മുതൽ 31.3.2019 വരെ ഏതൊക്കെ സംരഭ ഗ്രൂപ്പുകൾക്കാണ് ( കുടുബശ്രീ) വാടകയ്ക്ക് നൽകിയത് എന്നത് വ്യക്തമല്ല.

3. 2018-19 വർഷം 6 മാസത്തെ വാടക സെക്യൂരിറ്റി ഡെപ്പോസിറ്റിൽ നിന്ന് ഈടാക്കാനാണ് ഭരണ സമിതി തീരുമാനം ഉള്ളത്. ബാക്കിവരുന്ന 6 മാസം വാടക ഈടാക്കാതിരിക്കാനുള്ള കാരണം വ്യക്തമാക്കിയിട്ടില്ല

4. റൂമുകൾ വാടകയ്ക്ക് നൽകുന്നതുമായി ബന്ധപ്പെട്ട ബൈലോ സ്ഥാപനത്തിൽ സൂക്ഷിച്ചിട്ടില്ല.

അപാകതകൾ സംബന്ധിച്ച് 30.7.2020 ന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം-30)മറുപടി ലഭ്യമായിട്ടില്ല. വാടക കുടിശ്ശിക പിരിച്ചെടുക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്

## 1-12 ഇ-ടെണ്ടർ ഫീസ് - ബ്ലോക്ക് പഞ്ചായത്തിന് ലഭിക്കാനുള്ള ₹ 62940 തിരികെ ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

2018-19 വർഷത്തെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയ മരാമത്ത് പ്രവർത്തികളിലെ ഇ.ടെണ്ടർ നടപടികൾ പൂർത്തിയാക്കിയത് കണ്ണൂർ എൽ.എസ്.ജി.ഡി ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ അക്കൗണ്ട് മുഖേനയാണ്. പ്രസ്തുത ടെണ്ടറുകൾക്ക് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്ത ഇ-ടെണ്ടർ ഫീസ് ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിലേക്ക് തിരികെ ലഭ്യമായിട്ടില്ല . 17/2020,29-07-2020 നമ്പർ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ അസിസ്റ്റന്റ് എഞ്ചിനിയർ ലഭ്യമാക്കിയ റിപ്പോർട്ടനുസരിച്ച് ഇ-ടെണ്ടർ ഫീസ് ₹ 62940 ഗ്രാമ പഞ്ചായത്തിന് തിരികെ ലഭിക്കാനുണ്ട്. തുക ലഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടെന്നും ആയത് ലഭിക്കുന്ന മുറയ്ക്ക് ബ്ലോക്ക് പഞ്ചായത്തിന്റെ അക്കൗണ്ടിലേക്ക് കൈമാറുന്നതായി അറിയിച്ചിട്ടുണ്ട്.

## 1-13 യാത്രാബത്ത ബില്ലുകൾ തയ്യാറാക്കുന്നതിൽ വീഴ്ച – പരിശോധന നടത്താതെ തുക അനുവദിച്ചു.

1995 ലെ കേരള പഞ്ചായത്ത് രാജ് (ജനപ്രതിനിധികളുടെ ഓണറേറിയവും ബത്തകളും) ചട്ടങ്ങളിലെ ചട്ടം 5 ,6 ,7(1) ,(2) , (3) പ്രകാരം യാത്രാപ്പടിക്കും ദിനബത്തക്കും അർഹത സംബന്ധിച്ചും ചട്ടം 8 പ്രകാരം യാത്രാപ്പടിക്ക് അർഹതയില്ലാത്ത സന്ദർഭങ്ങളെ കുറിച്ചും വ്യക്തമായി പ്രതിപാദിക്കുന്നുണ്ട്. മാത്രമല്ല ഓരോ അംഗത്തിന്റെയും യാത്രാപ്പടി ബില്ലുകൾ മേൽ ചട്ടങ്ങൾക്ക് വിധേയമായി തന്നെയാണ് തയ്യാറാക്കിയിട്ടുള്ളതെന്ന് പ്രസിഡണ്ട് സൂക്ഷ്മ പരിശോധന നടത്തിയ ശേഷം മാത്രമെ തുക അനുവദിക്കാവു എന്നും ചട്ടം 9 ൽ അനുശാസിക്കുന്നുണ്ട് . എന്നാൽ പഞ്ചായത്തിൽ നിന്നും അനുവദിച്ചു കൊടുത്തിട്ടുള്ള താഴെ പറയുന്ന വൗച്ചറുകൾ പ്രകാരമുള്ള യാത്രാബത്ത ബില്ലുകളിൽ സൂക്ഷ്മ പരിശോധന നടത്തിയതായി രേഖപ്പെടുത്തിയിട്ടില്ല. യാത്ര പുറപ്പെടുന്നത് തിരിച്ചെത്തുന്ന സമയം, മൊത്ത യാത്രക്കുള്ള സമയം, താമസത്തിന്റെ ദൈർഘ്യം എന്നിവ രേഖപ്പെടുത്താതെയാണ് ബില്ലുകൾ തയ്യാറാക്കിയിട്ടുള്ളത്. ഈ വിവരങ്ങൾ പരിഗണിച്ചാണ് ഒരാൾക്ക് അർഹമായ യാത്രാപ്പടി അനുവദിക്കുന്നത്. യാത്രാപ്പടി ബില്ലിന്റെ പകർപ്പിന് പകരം ബില്ലിനോടൊപ്പം സമർപ്പിക്കേണ്ട യാത്രാ ഡയറിയിൽ തന്നെയാണ് തിയതി, ദൂരം ,സ്ഥലം എന്നിവ ചേർത്ത് യാത്രാപ്പടി കണക്കാക്കിയിരിക്കുന്നത് . TR 56 ബില്ലിന്റെ പകർപ്പ് ഫയലിൽ സൂക്ഷിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| വൌച്ചർ നം | യാത്ര ചെയ്ത മാസം / തീയതി | അനുവദിച്ച തുക |
|---|---|---|
| 44/18-19 , 21-06-18 | 2017 ഡിസംബർ, 2018 ജനവരി,2018ഫിബ്രവരി,2018മാർച്ച് | ₹ 30888 |
| 89 /18-19 / 21-06-18 | 4/2018 മുതൽ 7/ 2018 വരെ | ₹ 19578 |
| 225/18-19 23.03.19 | 8/18,9/18,10/18,11/18,1/19 | ₹ 5632 |

മേൽ പറഞ്ഞ പ്രകാരം ആവശ്യമായ വിവരങ്ങൾ ചേർക്കാത്തതിനാൽ ആസ്ഥാനത്തു നിന്നും വിട്ടു നിൽക്കുന്ന സന്ദർഭങ്ങളിൽ യാത്രാ ബത്തക്കുള്ള അർഹത സംബന്ധിച്ച കാര്യങ്ങൾ പരിശോധിക്കുവാൻ സാധിച്ചിട്ടില്ല.യാത്രാബത്ത ബില്ലുകൾ വേണ്ടത്ര പരിശോധന നടത്താതെ പാസ്സാക്കിയത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (12/ 18-19 ,29-07-2020 ) മേലിൽ നിശ്ചിത

മാതൃകയിലുള്ള ബില്ലിൽ തയ്യാറാക്കി മാത്രം തുക അനുവദിക്കുകയുള്ളൂ എന്നാണ് സെക്രട്ടറി അറിയിച്ചിട്ടുള്ളത്. യാത്രാബത്ത ബില്ലുകൾ സൂക്ഷ്മ പരിശോധന നടത്തിയതിന്റെ അടിസ്ഥാനത്തിൽ മാത്രം യാത്രാപ്പടി അനുവദിക്കേണ്ടതാണ്

## 1-14 പാർട്ട് ടൈം തസ്തികയിലെ നിയമനം- സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾ പാലിക്കേണ്ടതാണ്

ബ്ലോക്ക് പഞ്ചായത്ത് ഓഫീസ് ശുചീകരണത്തിനായി ദിവസ വേതനാടിസ്ഥാനത്തിൽ (പാർട്ട് ടൈം സ്വീപ്പർ) @ ₹ 180 / ദിവസം എന്ന നിരക്കിൽ ജീവനക്കാരിയെ നിയമിച്ചിട്ടുണ്ട്. ബ്ലോക്ക് പഞ്ചായത്തിലെ പാർട്ട് ടൈം സ്വീപ്പറുടെ അംഗീകൃത തസ്തികകളുടെ എണ്ണം, അംഗീകൃത തസ്തികയിലെ ഒഴിവ്, ശുചീകരണ തൊഴിലാളിയുടെ വേതനവും ശുചീകരണ ഏരിയ നിശ്ചയിച്ചതും , സർക്കാർ അനുമതി തേടിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ മുതലായവ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള (6/18-19,24-07-2020) മറുപടിയിൽ അംഗീകൃത തസ്തിക ഒന്ന് മാത്രമാണെന്നും 3000 ച അടി സ്ഥലം ശുചീകരിക്കാൻ ഒരാളുടെ സേവനം മതിയാവത്തതിനാൽ ഭരണ സമിതി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഒരു ശുചീകരണ തൊഴിലാളിയെ കൂടി ദിവസ വേതനത്തിൽ നിയമിച്ചതാണെന്നും സെക്രട്ടറി വ്യക്തമാക്കിയത്. കൂടാതെ 25-11-2005 ലെ സഉ (പി)നം 501/2005/ഫിൻ ഉത്തരവിൽ 100ച.മീറ്ററിൽ അധികരിച്ച ശുചീകരണ ഏരിയ വരുന്ന സ്ഥലങ്ങളിൽ നിബന്ധനകൾക്ക് വിധേയമായി ജീവനക്കാരുടെ തസ്തിക സൃഷ്ടിക്കാമെന്നും അറിയിച്ചിട്ടുണ്ട്.

26-02-16ലെ ധന വകുപ്പിന്റെ 28/2016/ നമ്പർ ഉത്തരവിൽ സർക്കരിൽ നിന്നുള്ള സ്പഷ്ടമായ അനുമതിയുടെ അടിസ്ഥാനത്തിൽ മാത്രം നിയമനം നടത്താവു എന്ന് വ്യക്തമാക്കിയിട്ടുണ്ട് . ആയതിനാൽ പ്രസ്തുത വിഷയം സർക്കാറിന്റെ ശ്രദ്ധയിൽപ്പെടുത്തി പ്രശ്ന പരിഹാരത്തിനുചിതമായ നടപടികൾ സ്വീകരിക്കാവുന്നതാണ്.

## 1-15 ആദായ നികുതി റിട്ടേൺ ഫയൽ ചെയ്യുന്നതിന് പ്രൊഫഷണൽ ചാർജ് നൽകുന്നത് ഒഴിവാക്കേണ്ടതാണ്.

തനത്ഫണ്ടിൽ നിന്നും ജീവനക്കാരുടെ ആദായ നികുതി റിട്ടേൺ ഫയൽ ചെയ്യുന്നതിനായി (4 ത്രൈമാസ റിട്ടേണുകൾ) സ്വകാര്യ ഏജൻസിയായ തലശ്ശേരി Data management services എന്ന സ്ഥാപനത്തിന് ഡാറ്റാ എൻട്രി ചെയ്തതിന് പ്രൊഫഷണൽ ചാർജ്ജ് ₹2030 അനുവദിച്ചിട്ടുണ്ട് . വിശദവിവരം ചുവടെ കൊടുക്കുന്നു.

| | | |
|---|---|---|
| 1 | വൗച്ചർ നമ്പർ- 42/18-19,26.06.18-₹750 | Data management services രശീതി നം- 2494 /26.05.18 |
| 2 | വൗച്ചർ നമ്പർ- 2/18-19,30-01-19 - ₹430 | Data management services രശീതി നം- 3281/24.01.19 |
| 3 | വൗച്ചർ നമ്പർ- 86/18-19,09.08.18 - ₹480 | Data management services രശീതി നം- 2644/23.07.18 |
| 4 | വൗച്ചർ നമ്പർ- 2946/ 22.10.18 - ₹370 | Data management services രശീതി നം-2946,22.10.18 |
| | ആകെ 2030/- | |

ആദായ നികുതി ഫയൽ ചെയ്യുന്നതുമായി ബന്ധപ്പെട്ട് ട്രഷറി വകുപ്പ് ആവശ്യമായ പരിശീലനം ഡിഡിഒ മാർക്ക് നൽകി വരുന്നുണ്ട് . കൂടാതെ നിശ്ചിത നിരക്കിലുള്ള അപ് ലോഡിങ്ങ് ഫീ ചെലവഴിക്കാൻ സർക്കാറിന്റെ അനുമതിയുണ്ട് . സ്ഥാപനത്തിൽ ഇന്റർനെറ്റ് സൗകര്യം ഉണ്ടായിരുന്നിട്ടും സ്വകാര്യ ഏജൻസിക്ക് തുക അനുവദിക്കാൻ ഉണ്ടായ സാഹചര്യം വിശദമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള ( നമ്പർ- 5/18-19,24-07-2020 ) മറുപടിയിൽ ആദായ നികുതി ഫയൽ ചെയ്യുന്നതുമായി ബന്ധപ്പെട്ട് ട്രെയിനിംഗ് ലഭിക്കാത്തതും സാങ്കേതിക പരിജ്ഞാനക്കുറവും കാരണവുമാണ് സ്വകാര്യ ഏജൻസിയെക്കൊണ്ട്

ചെയ്യുന്നതെന്നാണ് സെക്രട്ടറി മറുപടിയിൽ അറിയിച്ചത് . പ്രൊഫഷണൽ ചാർജ് നൽകി റിട്ടേൺ സമർപ്പിക്കുന്ന രീതി ഒഴിവാക്കേണ്ടതാണ്.

2)കൃഷി അസിസ്റ്റന്റ് ഡയറക്ടറുടെ ഓഫീസിലെ ജീവനക്കാരുടെ 2018-19വർഷത്തെ ആദായ നികുതി റിട്ടേണുകൾ സമർപ്പിക്കുന്നതിന്റെ ഡാറ്റാ എൻട്രി ചെലവ് തുകയായ 1,400/-രൂപ ബ്ലോക്ക് പഞ്ചായത്ത് അനുവദിച്ച മെയിന്റെനസ് ഫണ്ട് നോൺ-റോഡ് എന്നതിൽ നിന്ന് ചെലവ് ചെയ്തിട്ടുണ്ട്. കൃഷി അസി.ഡയറക്ടറുടെ ഓഫീസിലെ ദൈനംദിനാവശ്യത്തിന് ബ്ലോക്ക് പഞ്ചായത്ത് അനുവദിച്ച 20,000/-രൂപയിൽ (ബിൽ നം-1/18-19-21.6.2018) നിന്നാണ് ഇതിനുവേണ്ടി 1400/-രൂപചെലവഴിച്ചത് . ചെലവ് വിവരങ്ങൾ താഴെ നൽകുന്നു.

| ക്രമ നം | ചെലവ് തുക ( ₹ ) | ആദായ നികുതി വിവരങ്ങൾ ഡാറ്റാ എൻട്രി ചെയ്യുന്നതിന് തുകകൈപ്പറ്റിയ സ്ഥാപനം |
|---|---|---|
| 1 | 350/- | കാർവി ഡാറ്റാ എൻട്രി സർവ്വിസസ് ലിമിറ്റഡ് തലശ്ശേരി |
| 2 | 300/- | ഡാറ്റാ സൊല്യൂഷൻസ് ജൂബിലി ഷോപ്പിംഗ് കോംപ്ലക്സ് തലശ്ശേരി |
| 3 | 300/- | ഡാറ്റാ സൊല്യൂഷൻസ് ജൂബിലി ഷോപ്പിംഗ് കോംപ്ലക്സ് തലശ്ശേരി |
| 4 | 450/- | ഡാറ്റാ സൊല്യൂഷൻസ് ജൂബിലി ഷോപ്പിംഗ് കോംപ്ലക്സ് തലശ്ശേരി |
| ആകെ | 1400/- | |

ജീവനക്കാരുടെ ആദായ നികുതി റിട്ടേണുകൾ സമർപ്പിക്കുന്നത് ഓഫീസ് മേധാവിയുടെ വ്യക്തിപരമായ ചുമതലയിൽപ്പെടുന്ന കാര്യമാണ്. ഓഫീസുകളിൽ ഓൺലൈൻ സൗകര്യവും, ടെക്നിക്കൽ സ്റ്റാഫിന്റെ സേവനവും ലഭ്യമായിട്ടും സ്വകാര്യ ഏജൻസിക്ക് ഡാറ്റാഎൻട്രിചാർജ്ജ് നൽകി റിട്ടേൺ സമർപ്പിച്ചത് ക്രമപ്രകാരമുള്ള നടപടിയല്ല. ഇത് സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾ പരിഹരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-16 പ്രളയദുരിതാശ്വാസ നിധിയിലേക്കുള്ള സംഭാവന- കൈപ്പറ്റ് രേഖയുടെ അഭാവത്തിൽ ₹2,10,0000 തടസ്സപ്പെടുത്തുന്നു .

നിർവ്വഹണം- സെക്രട്ടറി
1)വൗച്ചർ നമ്പർ-111/18-19 തീയതി 19.09.18

ബ്ലോക്ക് പഞ്ചായത്തിന്റെ സംഭാവനയായി ബഹു.കേരള മുഖ്യമന്ത്രിയുടെ പ്രളയദുരിതാശ്വാസ നിധിയിലേക്ക് ₹1,00,000 ചെക്ക് മുഖേന അനുവദിക്കുന്നതിനാണ് 19-09-18 ലെ സി 1944/18 നമ്പർ പ്രൊസീഡിങ്സിൽ ഉത്തരവായത് . തുകയുടെ ഒടുക്കുവിവരവും കൈപ്പറ്റു വിവരവും ലഭ്യമല്ലാത്തതിനാൽ ആയത് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി( 13/18-19,25-07-2020) ക്കുള്ള മറുപടിയിൽ പ്രസിഡണ്ട് കിലയിൽ വെച്ച് ചെക്ക് (നമ്പർ -3054617, 19-09-18) കൈമാറിയതാണെന്നും കൈപ്പറ്റ് രശീതി ലഭിക്കുന്ന മുറയ്ക്ക് പരിശോധനയ്ക്ക് ലഭ്യമാക്കുന്നതായി സെക്രട്ടറി അറിയിച്ചിട്ടുണ്ട് . കൈപ്പറ്റ് രേഖയുടെ അഭാവത്തിൽ ₹1,00,000 തടസ്സപ്പെടുത്തുന്നു . രേഖകൾ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

2- ബിൽ നം -158/ തീയതി 22.12.2018

| | |
|---|---|
| പ്രോജക്ട് | ബ്ലോക്ക് കേരളോത്സവം -തുക ബഹു.മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് നൽകൽ |
| | |

| | |
|---|---|
| പ്രോജക്ട് നം | 87 /19 |
| അടങ്കൽ | 1,10,000 – വികസന ഫണ്ട്-പൊതു വിഭാഗം -ജനറൽ |
| ചെലവ് | 1,10,000 |

സർക്കാർ ഉത്തരവ് (കൈ) നം 195/2018 / പൊ.ഭ.വകുപ്പ് തീയതി 4.9.2018 പ്രകാരം സംസ്ഥാനത്തെ പ്രളയക്കെടുതിയുടെ പശ്ചാത്തലത്തിൽ ആഘോഷം ഒഴിവാക്കി തുക CMDRF ലേയ്ക്ക് നൽകുന്നതിനായി സംസ്ഥാന സാക്ഷരതാ മിഷൻ മെമ്പർ സെക്രട്ടറിയുടെ 18.9.2018 ലെ പി1/2860/18.1/wc കത്ത് പ്രകാരം തുക RELIEF FUND A/C no. -67319948232-ലേക്ക് ഒടുക്കിയിട്ടുണ്ട്. തുക കൈപ്പറ്റി വിവരം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ എൻക്വയറിയ്ക്ക് (നം - 16 തീയതി - 28.7.2020) നൽകിയ മറുപടി തൃപ്തികരമല്ല. അതിനാൽ തുക 1,10,000 തടസ്സപ്പെടുത്തുന്നു. തുക കൈപ്പറ്റ് വിവരം ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്

## 1-17 അംഗീകൃത ലൈബ്രറികൾക്ക് ഫർണ്ണിച്ചർ വാങ്ങൽ - പർച്ചേസിംഗ് കമ്മിറ്റി പ്രവർത്തനം കാര്യക്ഷമമല്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ -സെക്രട്ടറി

| | |
|---|---|
| പ്രോജക്ട് | അംഗീകൃത ലൈബ്രറികൾക്ക് ഫർണ്ണിച്ചർ വാങ്ങൽ |
| പ്രോജക്ട് നം | 51/19 |
| അടങ്കൽ | 6,40,257(വികസന ഫണ്ട്-പൊതുവിഭാഗം -സാധാരണ വിഹിതം)<br>17,500(തനതുഫണ്ട്) |
| ചെലവ് | 6,40,257 |
| ബിൽ നം, തീയതി&തുക | 156/22.12.2018 - 3,42,757 (വികസന ഫണ്ട്-പൊതുവിഭാഗം -സാധാരണ വിഹിതം<br>157/22.12.2018 - 2,97,500 (വികസന ഫണ്ട്-പൊതുവിഭാഗം -സാധാരണ വിഹിതം |

അംഗീകൃത ലൈബ്രറികൾക്ക് ഫർണ്ണിച്ചർ വാങ്ങൽഎന്ന പ്രോജക്ടിനു വേണ്ടി സ്റ്റീൽ അലമാര (198* 90* 48 cm-20 g) സിഡ്കോയിൽ നിന്ന് നേരിട്ടും, 700 കസേര (Armless 4002 code )ടെണ്ടർ ക്ഷണിച്ചത് പ്രകാരം 'ടെൽട്യൂൺ' ഫർണ്ണിച്ചറിൽ നിന്നും വാങ്ങിച്ചിട്ടുണ്ട്- കസേരയ്ക്ക് വേണ്ടി നാലു സ്ഥാപനങ്ങൾ വിവിധ തരം സ്പെസിഫിക്കേഷനിലുള്ള ഇനങ്ങൾക്കാണ് ക്വാട്ട് ചെയ്തത്.

| സ്ഥാപനം | ഇനം | സ്പെസിഫിക്കേഷൻ |
|---|---|---|
| ടെൽട്യൂൺ ഫർണ്ണിച്ചർ,തലശ്ശേരി | കൈയ്യില്ലാത്ത കസേര | 4002 (code)- 425 |
| ശോഭഫർണ്ണിച്ചർ ഹൗസ്,പള്ളൂർ | തരം രേഖപ്പെടുത്തിയിട്ടില്ല | 4002 (code)- 450 |
| റോയൽ ഏജൻസി,കോഴിക്കോട് | കൈയ്യില്ലാത്ത കസേര | ഫ്രണ്ടിലി - 380 |
| | | സുപ്രീം - 490 |
| | | നീൽകമൽ -500 |
| | കൈയ്യുള്ള കസേര | ഫ്രണ്ടിലി - 390 |
| | | സുപ്രീം - 490 |
| | | നീൽകമൽ 2071-525 |
| | | നീൽകമൽ 2160 -555 |
| | | നീൽകമൽ- 2101-585 |
| ഫിഡ്കോ എൻർപ്രൈസിസ്.കോഴിക്കോട് | കൈയ്യില്ലാത്ത കസേര | ഫ്രണ്ടിലി - 322 |
| | | സുപ്രീം - 466 |
| | | നീൽകമൽ - 488 |
| | | നീൽകമൽ - 498 |
| | കൈയ്യുള്ള കസേര | ഫ്രണ്ടിലി - 342 |
| | | സുപ്രീം - 488 |
| | | നീൽകമൽ -2071-492 |
| | | നീൽകമൽ-2160-522 |
| | | നീൽകമൽ- 2101 -542 |

11.12.2018 ന് കൂടിയ പർച്ചേസിംഗ് കമ്മിറ്റി താരതമ്യം ചെയ്തത് ഇപ്രകാരമാണ്.

| സ്ഥാപനം | ഇനം | തുക |
|---|---|---|
| ടെൽട്യൂൺ | കൈയ്യില്ലാത്ത കസേര<br>4002 (code) @425-<br>700 എണ്ണം | 2,97,500 |
| | | 3,15,000 |

| | | |
|---|---|---|
| ശോഭ | ഇനം രേഖപ്പെടുത്തിയിട്ടില്ല<br><br>4002 (code) @450<br>700 എണ്ണം | |
| റോയൽ ഏജൻസി | ~~കൈയ്യുള്ള കസേര~~<br><br>നീൽകമൽ -2071 (code)@525-<br>700 എണ്ണം | 3,67,500 |
| ഫിഡ്കോ | കൈയ്യുള്ള കസേര<br><br>നീൽകമൽ -2071 (code) @492<br>700 എണ്ണം | 3,44,400 |

അപാകങ്ങൾ താഴെ പറയുന്നു

1.ആവശ്യമായ സാധനങ്ങളുടെ യഥാർത്ഥ സ്പെസിഫിക്കേഷൻ ടെൻഡർ നോട്ടീസിൽ പരാമർശിക്കുന്നില്ല. സ്ഥാപനങ്ങൾ ക്വാട്ട് ചെയ്ത വിവിധ ഇനത്തിലുള്ള കസേരകളുടെ ഓഫറിൽ നിന്നും ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ സ്ഥാപനത്തിന്റെ ടെണ്ടർ പർച്ചേസ് കമ്മിറ്റി അംഗീകരിക്കുകയാണ് ചെയ്തിട്ടുള്ളത്.

2. വിവിധ ഇനത്തിലുള്ള കസേരകളുടെ (കൈയ്യുള്ളതും, കൈയ്യില്ലാത്തതും) വിലകൾ ആണ് പർച്ചേസ് കമ്മിറ്റി താരതമ്യം ചെയ്തതിരിക്കുന്നത്. ഇത് യുക്തിപരമല്ല.

3.പർച്ചേസിംഗ് കമ്മിറ്റിയുടെ കൺവീനർ പർച്ചേസിംഗ് കമ്മിറ്റി യോഗത്തിൽ പങ്കെടുത്തിട്ടില്ല

അപാകങ്ങൾക്ക് വിശദീകരണം ആരാഞ്ഞ്കൊണ്ടുള്ള ഓഡിറ്റ് എൻക്വയറിയ്ക്ക്- (നം 10 തീയതി - 27.7.2020) മറുപടി നൽകിയിട്ടില്ല. വാങ്ങൽ നടപടികളുടെ കൃത്യത പരിശോധിക്കുവാനായി രൂപം കൊണ്ട പർച്ചേസിംഗ് കമ്മിറ്റി കാര്യക്ഷമമായി പ്രവർത്തിക്കേണ്ടതാണ്.

## 1-18 കറവ പശു വിതരണം - പ്രോജക്ട് നിർവ്വഹണത്തിലെ അപാകത

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ക്ഷീരവികസന ഓഫീസർ |
| പ്രൊജക്ട് നമ്പർ | 86/19 |
| പ്രൊജക്ടിന്റെ പേര് | കറവ പശു വിതരണം |
| അടങ്കൽ | ₹440000 (വികസന ഫണ്ട്)<br><br>₹440000 (നേരിട്ട് ചെലവഴിക്കുന്നത്)<br><br>ആകെ 880000 |
| ചെലവ് തുക | ₹ 385000 |
| ബിൽ നം / തീയതി | 12/18-19,11.3.19 ₹82500 |
| ബിൽ നം / തീയതി | 13/18-19,11.3.19 ₹82500 |
| ബിൽ നം / തീയതി | 14/18-19,11.3.19 ₹82500 |

| | |
|---|---|
| ബിൽ നം / തീയതി | 15/18-19,18.3.19 ₹ 137500 |

വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 27-09-2018ലെ യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പ്രളയക്കെടുതി അനുഭവിക്കുന്ന ക്ഷീര കർഷകരെ സഹായിക്കുന്നതിന് വേണ്ടിയാണ് പദ്ധതി തയ്യാറാക്കിയത്. അഞ്ചരക്കണ്ടി, വേങ്ങാട്, പിണറായി എന്നീ പഞ്ചായത്തുകളിൽ നിന്നും ലഭിച്ച ഗുണഭോക്തൃ ലിസ്റ്റിലെ 14 ഗുണഭോക്താക്കൾക്ക് ഒരു ഗുണഭോക്താവിന് ഒരു കറവ പശു 50% സബ്സിഡി നിരക്കിൽ (₹27500) 14 ഗുണഭോക്താക്കൾക്ക് ₹3,85,000 ധനസഹായം അനുവദിച്ചിരിക്കുന്നു. സ.ഉ(എം.എസ്)22/2018തസ്വഭവ, 14.02.18 മാർഗ്ഗരേഖയിലെ 6-2(1) ലെ കുറിപ്പ് 5 പ്രകാരം ഉരുക്കളെ ആരുടെ പക്കൽ നിന്നാണോ വാങ്ങിക്കുന്നത് അവരുടെ ബാങ്ക് അക്കൗണ്ടിലേക്കാണ് തുക നൽകേണ്ടത്. എന്നാൽ സബ്സിഡി തുക ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്കാണ് കൈമാറിയിരിക്കുന്നത്. ആയതിന് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട്കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ-28/18-19,30-07-2020) മറുപടി ലഭ്യമാക്കിയില്ല. മറുപടി ലഭ്യമാക്കി ഓഡിറ്റ് പരാമർശം ഒഴിവാക്കേണ്ടതാണ്.

### 1-19 നെൽകൃഷിക്ക്കൂലിച്ചെലവ് സബ്സിഡി -ചെലവഴിക്കാൻ ബാക്കിയുള്ള തുക സർക്കാർ ഫണ്ടിലേക്ക് നാളിതുവരെ തിരിച്ചടച്ചിട്ടില്ല. 85000/-രൂപ തടസ്സത്തിൽവെക്കുന്നു.

2018-19 സാമ്പത്തിക വർഷം ബ്ലോക്ക് പഞ്ചായത്തിന്റെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നെൽകൃഷിക്ക് കൂലിച്ചെലവ് സബ്സിഡി എന്ന പദ്ധതി രൂപീകരിക്കുകയും വികസന ഫണ്ടിൽനിന്ന് കൃഷി അസി.ഡയറക്ടർ 9,60,500/-രൂപ ചെലവഴിച്ചിട്ടുമുണ്ട്. ബ്ലോക്ക് പഞ്ചായത്ത് പരിധിയിലുള്ള ഗ്രാമ പഞ്ചായത്തുകൾക്ക് ബ്ലോക്ക് പഞ്ചായത്ത് വിഹിതം നൽകുന്നതിനുവേണ്ടിയാണ് തുക ചെലവഴിച്ചത്. പദ്ധതി നിർവ്വഹണത്തിന്റെ വിശദാംശങ്ങൾ താഴെ നൽകുന്നു.

| | |
|---|---|
| പ്രോജക്ടിന്റെ പേര് | നെൽ കൃഷിക്ക് കൂലിച്ചെലവ് |
| പ്രോജക്ട് നം | 1/2018-2019 |
| അടങ്കൽ | ₹38,42,000/-<br><br>₹19,21,000/- ഗുണഭോക്താക്കൾ സ്വയം വഹിക്കുന്നത്<br><br>₹9,60,500/--<br>ബ്ലോക്ക്.വിഹിതം-<br>വികസനഫണ്ട്<br><br>₹9,60,500 /-ഗ്രാമ പഞ്ചായത്ത് വിഹിതം) |
| നിർവ്വഹണോദ്യോഗസ്ഥൻ | അസി.ഡയറക്ടർ.<br><br>കൃഷി |
| ചെലവ്(ബ്ലോക്ക്.വിഹിതം) | ₹9,60,500/-വികസനഫണ്ട്. |
| ബിൽനം | 3/18-19-21.6.2018 -5,43,500/-<br><br>4/18-19-31.8.2018-85,000/-<br><br>6/18-19-4.10.2018-3,32,000/- |

ഗ്രാമപഞ്ചായത്തുകൾക്ക് നിർവ്വഹണോദ്യോഗസ്ഥനായ കൃഷി അസിസ്റ്റന്റ് ഡയറക്ടർ തുക കൈമാറിയത് താഴെ പറയുംപ്രകാരമാണ്.

| ക്രമ നം | പഞ്ചായത്തിന്റെ പേര് | നൽകിയ തുക | തുക നൽകിയതിന്റെ വിവരം |
|---|---|---|---|
| 1 | വേങ്ങാട് | 4,25,000/- | വേങ്ങാട് ഗ്രാമ പഞ്ചായത്തിന്റെ അഞ്ചരക്കണ്ടി സിൻഡിക്കേറ്റ് ബാങ്കിലുള്ള അക്കൗണ്ട് നം 42472200092579ൽ 21.6.18ന് 93,000രൂപയും ട്രഷറി സേവിംഗ് ബാങ്കിലുള്ള അക്കൗണ്ട് നം 79901140004600ൽ 14.10.18ന് 3,32,000/- രൂപയും നൽകി |
| 2 | പിണറായി | 1,70,000/- | പിണറായി ഗ്രാമ പഞ്ചായ ത്തിന്റെ സബ്ട്രഷറി യിലുള്ള സേവിംഗ് ബാങ്ക് 79901140001989 അക്കൗണ്ടിൽ 21.6.2018 ൽ 1,70,000/-രൂപനൽകി |
| 3 | ധർമ്മടം | 1,27,500/- | ധർമ്മടം ഗ്രാമ പഞ്ചായത്തിന്റെ സബ്ട്ര ഷറിയിലുള്ളസേവിംഗ്ബാങ്ക്799011400002613 അക്കൗണ്ടിൽ21.6.2018 ൽ 1,27,500/- രൂപ നൽകി |
| 4 | അഞ്ചരക്കണ്ടി | 1,53,000/- | അഞ്ചരക്കണ്ടി ഗ്രാമ പഞ്ചായത്തിന്റെ സബ്ട്ര ഷറിയിലുള്ളസേവിംഗ്ബാങ്ക്79901140000143അക്കൗണ്ടിൽ 1,53,000/- രൂപ 21.6.2018 ൽ നൽകി |
| 5 | മുഴപ്പിലങ്ങാട് | 85,000/- | മുഴപ്പിലങ്ങാട് ഗ്രാമ പഞ്ചായത്തിന്റെ സബ്ട്ര ഷറിയിലുള്ള സേവിംഗ്ബാങ്ക്799011400001420 അക്കൗണ്ടിൽ 85,000/- രൂപ21.6.2018 ൽ നൽകി |
| | ആകെ | 9,60,500/- | |

മുകളിൽ കാണിച്ച പട്ടിക പ്രകാരം പഞ്ചായത്തുകൾക്ക് കൃഷി അസി.ഡയറക്ടർ തുക അനുവദിച്ചതിൽ പിണറായി, ധർമ്മടം, മുഴപ്പിലങ്ങാട് എന്നീ ഗ്രാമപഞ്ചായത്തുകൾ അനുവദിച്ച തുക പൂർണ്ണമായും ചെലവഴിച്ചതിന് വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടുണ്ട് .

വേങ്ങാട് ഗ്രാമ പഞ്ചായത്തിന് അനുവദിച്ച 4,25,000/- രൂപയിൽ 3,40,000/-രൂപയും അഞ്ചരക്കണ്ടി ഗ്രാമപഞ്ചായത്തിന് അനുവദിച്ച 1,53,000/-രൂപയിൽ 1,39,400/- രൂപയും ചെലവഴിച്ചതിന്റെ വിനിയോഗ വിവരം മാത്രമേ ഹാജരാക്കിയിട്ടുള്ളൂ. ഇത് സംബന്ധിച്ച് നൽകിയ 22.7.2020 ലെ ഓഡിറ്റ് എൻക്വയറി നം.2/2018-19 ന് കൃഷി അസി ഡയറക്ടർ ഹാജരാക്കിയ മറുപടിയിൽ അഞ്ചരക്കണ്ടി ഗ്രാമപഞ്ചായത്ത് 13,600/- രൂപ ചെലാൻ വഴി ട്രഷറിയിൽ തിരിച്ചടച്ചതിന്റെ രേഖകൾ ഹാജരാക്കിയിട്ടുണ്ട്.

എന്നാൽ വേങ്ങാട് ഗ്രാമപഞ്ചായത്ത് ചെലവഴിക്കാൻ ബാക്കിയുള്ള 85,000/-രൂപ നാളിതുവരെയായി ബ്ലോക്ക് പഞ്ചായത്തിന് തിരികെ ലഭ്യമാക്കുകയോ സർക്കാർ ഫണ്ടിലേക്ക് തിരിച്ചടക്കുകയോ ചെയ്തിട്ടില്ല. ചെലവഴിക്കാൻ ബാക്കിയുള്ള 85,000/-രൂപ തടസ്സത്തിൽ വെക്കുന്നു.

## 1-20 കണ്ടിജൻസി ചെലവുകളിൽ ബാക്കിവന്ന തുക യഥാസമയം സർക്കാരിലേക്ക് തിരിച്ചടക്കാത്തത്

ബ്ലോക്ക് പഞ്ചായത്തിന്റെ വാർഷീക പദ്ധതിയിൽ ഉൾപ്പെടുത്തി കൃഷി അസിസ്റ്റന്റ് ഡയറക്ടർ ഓഫീസിലെ ദൈനംദിന ചെലവുകൾക്കായി 2018-19 സാമ്പത്തീക വർഷം മെയിന്റനസ് ഫണ്ട് നോൺ-റോഡ് വിഭാഗത്തിൽ നിന്ന് 20,000/- രൂപ അനുവദിച്ചിട്ടുണ്ട്. പദ്ധതി നിർവ്വഹണത്തിന്റെ വിശദാംശങ്ങൾ താഴെ നൽകുന്നു.

| | |
|---|---|
| പ്രോജക്ടിന്റെ പേര് | ദൈനംദിന ചെലവുകൾ |
| പ്രോജക്ട് നം | 14/2018-2019 |
| അടങ്കൽ | ₹20,000/-മെയിന്റെനസ് ഫണ്ട് നോൺ-റോഡ് |
| നിർവ്വഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് ഡയറക്ടർ.കൃഷി |
| ചെലവ് | ₹20,000/- |
| ബിൽനമ്പർ | 1/18-19-21.6.2018 |

കൃഷി അസിസ്റ്റന്റ്ഡയറക്ടർ ഓഫീസിലെ 2018-19 വർഷത്തെ വൈദ്യുത ചാർജ്ജ് , ആദായനികുതി റിട്ടേൺ സമർപ്പിക്കുന്നതിനാവശ്യമായ കണ്ടിജന്റ് ചെലവുകൾ എന്നിവയിക്കുവേണ്ടിയാണ് തുക ചെലവഴിച്ചത്

കൃഷി അസിസ്റ്റന്റ് ഡയറക്ടർ ഓഫീസിലെ ദൈനംദിന ചെലവുകൾക്കായി മെയിന്റനസ് ഫണ്ട് നോൺ-റോഡ് എന്ന ശീർഷകത്തിൽ നിന്ന് പിൻവലിച്ച 20,000/- രൂപയിൽ 2018-19 വർഷം 11,618/-രൂപ ചെലവഴിച്ചതിന്റെ ബില്ലുകൾ മാത്രമേ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടുള്ളു. ബാക്കിവന്ന 8,382/- രൂപയുടെ കൂടി ബില്ലുകൾ പരിശോധനയ്ക്ക് ഹാജരാക്കാൻ 22.7.2020 ന് കൃഷിഅസിസ്റ്റന്റ് ഡയറക്ടർക്ക് നൽകിയ ഓഡിറ്റ് എൻക്വയറി നം 3/2018-19 ന് ഹാജരാക്കിയ മറുപടിയിൽ 2020-21 വർഷം 8,382/- രൂപയുടെ ചെലവ് ഉണ്ടായിട്ടുണ്ട് എന്നറിയിക്കുകയാണുണ്ടായത്. മെയിന്റെനസ് ഫണ്ടിൽ (നോൺ-റോഡ്) നിന്ന് അനുവദിച്ച തുകയിൽ ചെലവഴിക്കാൻ ബാക്കിയുള്ള തുക യഥാസമയം സർക്കാരിലേക്ക് തിരിച്ചടക്കാതെ തുടർ വർഷത്തേക്ക് നീക്കിവെക്കുന്നത് ക്രമപ്രകാരമുള്ള നടപടിയല്ല. ഇക്കാര്യം പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നു .

## 1-21 റോഡുകളുടെ പരിപാലനം - മാർഗ്ഗരേഖയിൽ പ്രതിപാദിക്കുന്ന വ്യവസ്ഥകൾ പാലിച്ചിട്ടില്ല

നിർവ്വഹണം-അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ

കേരള പഞ്ചായത്ത് രാജ് ആക്ട് 172ാം വകുപ്പ് 1ാം ഉപവകുപ്പ് 4ാം പട്ടിക പ്രകാരം ഒന്നിലധികം ഗ്രാമപഞ്ചായത്തുകളെ തമ്മിൽ ബന്ധിപ്പിക്കുന്ന ബ്ലോക്ക് പഞ്ചായത്തുകളുടെ വില്ലേജ് റോഡുകളും ബ്ലോക്ക് പഞ്ചായത്തിൽ നിക്ഷിപ്തമായ മറ്റു റോഡുകളും പരിപാലിക്കുക, സർക്കാരിൽ നിന്ന് കൈമാറ്റം ചെയ്യപ്പെട്ട സ്ഥാപനങ്ങൾക്കായി കെട്ടിടം നിർമിക്കുക എന്നിവയാണ് ബ്ലോക്ക് പഞ്ചായത്തിന്റെ മേഖലാടിസ്ഥാനത്തിലുള്ള ചുമതലകൾ.

ജി.ഒ.(എം.എസ്) 11/2018/ത.സ്വ.ഭ.വ, തിരു. തീയതി:29.1.2018 നം.ഉത്തരവ് ഖ.7.13.4.i,ii പ്രകാരം ഗ്രാമപഞ്ചായത്തുകളുടെ ആസ്തിരജിസ്റ്ററിൽ ഉൾപ്പെട്ട 6 മീറ്ററിൽ കുറയാത്ത ഏത് റോഡും മെച്ചപ്പെടുത്തുന്നതിന് ബ്ലോക്ക് പഞ്ചായത്തുകൾക്ക് പ്രൊജക്ട് ഏറ്റെടുക്കാവുന്നതാണ്. ആയതിന് ചുവടെ പ്രതിപാദിക്കുന്ന വ്യവസ്ഥകൾ പാലിക്കണം.

1. ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തിന്റെ രേഖാമൂലമുള്ള സമ്മതപത്രം വാങ്ങിയിരിക്കണം.

2. പ്രധാനമന്ത്രി ആവാസ് യോജനയ്ക്ക് (പി.എം.എ.വൈ) വകയിരുത്തേണ്ടതായ മുഴുവൻ തുകയും വകയിരുത്തിയിട്ടുണ്ട് എന്ന് സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിരിക്കണം.

ബ്ലോക്ക് പഞ്ചായത്ത് തൻവർഷം നടപ്പാക്കിയ റോഡ് പ്രവൃത്തികളുടെ ഫയൽ പരിശോധനയിൽ മേൽപറഞ്ഞ വ്യവസ്ഥകൾ പാലിച്ചതിന്റെ രേഖകൾ ലഭ്യമായില്ല. വിശദ വിവരം ചുവടെ കൊടുക്കുന്നു

| ക്രമ | പ്രോജക്ട് | പദ്ധതിയുടെ പേര് |
|---|---|---|

| നം | നം | |
|---|---|---|
| 1 | 57/18-19 | ധർമ്മടം അണ്ടല്ലൂർ താഴെക്കാവ് കോളാട് പാലം റോഡ് |
| 2. | 87/18-19 | പിണറായി കോട്ടംമുക്ക് വയൽ താഴെ റോഡ് നിർമ്മാണം |
| 4 | 34/18-19 | അഞ്ചരകണ്ടിഗുരുക്കൾ മുക്ക് മുടക്കണ്ടി മുക്ക് റോഡ് ബാക്കി ഭാഗം ടാറിംഗ് |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ-20/18-19,29-07-2020) ഭരണസമിതിയുടെയും സെക്രട്ടറിയുടെയും ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടെന്നും തുടർ നടപടികൾ സ്വീകരിക്കുന്നതായും അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ മറുപടിയിൽ അറിയിച്ചിട്ടുണ്ട്. മാർഗ്ഗരേഖയിൽ പ്രതിപാദിക്കുന്ന വ്യവസ്ഥകൾ പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ് .

## 1-22 അസിസ്റ്റന്റ് എഞ്ചിനിയർ നിർവ്വഹണം നടത്തിയ പദ്ധതികളിലെ അപാകങ്ങൾ-അസ്സൽ രേഖകളുടെ അപാവത്തിൽ 158389 രൂപ തടസ്സപ്പെടുത്തുന്നു

1. വേങ്ങാട് ഗ്രാമ പഞ്ചായത്തിലെ ഓടക്കാട് വയലിൽ ജലസേചന കിണർ നിർമ്മാണം - ജലസേചന പ്രവൃത്തി ആരംഭിച്ചിട്ടില്ല.

| | |
|---|---|
| പദ്ധതി നം | 70/18 -19(സ്പിൽ ഓവർ ) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനിയർ |
| അടങ്കൽ | വികസന ഫണ്ട് (പൊതു വിഭാഗം)- ₹ 785000 |
| ചെലവ് | വികസന ഫണ്ട് (പൊതു വിഭാഗം)-₹ 691928 |
| ബിൽ നമ്പർ | 3/18-19,31.10.18 ₹691928 |

2018-19 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയ സ്പിൽഓവർ പ്രോജക്ടാണ് പ്രസ്തുത പദ്ധതി. കിണർ നിർമ്മാണം അതിനോടനുബന്ധിച്ച് ജലസേചനത്തിനായി കുടിവെള്ള ടാങ്ക് സ്ഥാപിക്കുന്നതിനും അനുബന്ധ നിർമ്മാണങ്ങൾക്കും വേണ്ടിയാണ് തുക വകയിരുത്തിയത്. 5000 ലിറ്റർ വെള്ളം സംഭരിക്കുന്നതിനുള്ള ടാങ്ക് സ്ഥാപിച്ചിട്ടുണ്ടെങ്കിലും വിശദമായ എസ്റ്റിമേറ്റിൽ ജലസേചനത്തിനായി ഇലക്ട്രിക്കൽ പ്രവൃത്തി ഇനങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല; മോട്ടോർ സ്ഥാപിച്ചതുമായി ബന്ധപ്പെട്ട വിവരങ്ങൾ ഫയലിൽ ലഭ്യമല്ല. ഇതു സംബന്ധിച്ച് വിവരങ്ങൾ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ-19/29.7.2020) ഫണ്ട് അപര്യാപ്തമായതിനാൽ 2019-20വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ഇലക്ട്രിക്കൽ പ്രവൃത്തികൾ പൂർത്തീകരണ ഘട്ടത്തിലാണെന്നുമാണ് അസിസ്റ്റന്റ് എഞ്ചിനീയർ അറിയിച്ചത്. ഓടക്കാട് വയലിൽ ജലസേചന കിണർ നിർമ്മിക്കുന്നതിന് വേണ്ടിയാണ് പ്രോജക്ട് വിഭാവനം ചെയ്തത്. എന്നാൽ പൂർത്തിയാകാത്ത പദ്ധതിയുടെ, മോണിറ്ററിംഗ് റിപ്പോർട്ടിൽ പൊതു ജനങ്ങൾക്ക് ശുദ്ധജലം ലഭ്യമാക്കിയതായാണ് വിലയിരുത്തിയത്. മോട്ടോർ സ്ഥാപിക്കാതെയും ഇലക്ട്രിക്കൽ പ്രവൃത്തി ഉൾപ്പെടുത്താതെയും പ്രോജക്ട് ലക്ഷ്യം കൈവരിക്കുവാൻ എത്രത്തോളം സാധിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാൻ മോണിറ്ററിംഗ് സമിതിക്ക് സാധിച്ചിട്ടില്ല. പ്രോജക്ട് മോണിറ്ററിംഗ് എന്നത് ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പിന്റെ ചുമതലയാണ് ആ ചുമതല നിർവ്വഹിക്കുന്നതിന് പ്രഥമ പരിഗണന നൽകേണ്ടതുമാണ്. പ്രവൃത്തി കാലതാമസമില്ലാതെ പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

2. ബിറ്റുമെൻ വാങ്ങിയതിന്റെ അസ്സൽ രേഖകൾ ഹാജരാക്കിയിട്ടില്ല ₹158389 തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| | |

| | |
|---|---|
| പദ്ധതി നം | 71/18 -19(സ്പിൽ ഓവർ ) |
| പ്രോജക്ടിന്റെ പേര് | അഞ്ചരക്കണ്ടിയിലെ കപ്പാടൻ കുന്ന് മത്തിപ്പാററോഡ് കോൺക്രീറ്റ് |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനിയർ |
| എഗ്രിമെന്റ് നമ്പർ | AEE/LSGD/TLY/311/17-18,29-11-17 |
| കോൺട്രാക്ടർ | ശ്രീ.ടി.എം.ദിലീപ് കുമാർ |
| എം ബുക്ക് നമ്പർ | 29/17-18 |
| അടങ്കൽ | വികസന ഫണ്ട് (പൊതു വിഭാഗം)- ₹ 212070 |
| ചെലവ് | വികസന ഫണ്ട് (പൊതു വിഭാഗം)- ₹ 158389 |
| ബിൽ നമ്പർ | 2/18-19,31.10.18 ₹ 158389 |

